सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗംXI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4492 | नई दिल्ली | शनिवार् | 31 दिसंबर् 2022/ | 10 पौषं 1944 (शक) | खण्ढ | 1 |
| No. | 4492 | NEW DELHI | Saturday | 31 December 2022/ | 10 Pousha, 1944 (Saka) | Vol. | 1 |
| നമ്പർ | 4492 | ന്യൂഡൽഹി | ശനിയാഴ്ച | 31 ഡിസംബർ 2022/ | 10 പൌഷം, 1944 (ശക) | വാല്യം | 1 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 8th April, 2022/18th Chaithra, 1944 (Saka).*

The translation in Malayalam of The Central Education (Reservation in Teacher's Cadre) Act, 2019 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (അദ്ധ്യാപകരുടെ കേഡർ സംവരണം) ആക്റ്റ്, 2019-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9298/2022/S4.

# കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (അദ്ധ്യാപകരുടെ കേഡർ സംവരണം) ആക്റ്റ്, 2019

## 2019-ലെ 10-ാം നമ്പർ ആക്റ്റ്

കേന്ദ്രസർക്കാർ സ്ഥാപിക്കുന്നതോ പരിപാലിക്കുന്നതോ ധനസഹായം നൽകുന്നതോ ആയ ചില കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതികൾ, പട്ടിക ഗോത്രവർഗ്ഗങ്ങൾ, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗങ്ങൾ, സാമ്പത്തികമായി ദുർബ്ബല വിഭാഗങ്ങൾ എന്നിവയിൽപ്പെട്ട ആളുകളുടെ അദ്ധ്യാപക കേഡറിലേക്ക് നേരിട്ട് ആളെ ചേർക്കലിലൂടെയുള്ള നിയമനങ്ങളിൽ തസ്തികകൾ സംവരണം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (അദ്ധ്യാപകരുടെ കേഡർ സംവരണം) ആക്റ്റ്, 2019 എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "സമുചിത അധികാരസ്ഥാനം" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ്, 1956 (1956-ലെ 3) പ്രകാരം സ്ഥാപിച്ച യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനത്തിലെ ഉന്നത

വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളുടെ നിർണ്ണയത്തിനും ഏകോപനത്തിനും പരിപാലനത്തിനും വേണ്ടി ഒരു കേന്ദ്ര ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ സ്ഥാപിച്ച മറ്റേതെങ്കിലും അധികാരസ്ഥാനമോ നികായമോ എന്നർത്ഥമാകുന്നു;

(ഖ) ''പഠനശാഖ'' എന്നാൽ ബാച്ചിലേഴ്സ് (ബിരുദ വിഭാഗം), മാസ്റ്റേഴ്സ് (ബിരുദാനന്തര ബിരുദം) കൂടാതെ ഗവേഷണ ബിരുദത്തെയും സംബന്ധിച്ച തലങ്ങളിൽ യോഗ്യതകളുടെ മൂന്ന് പ്രധാന തലങ്ങളിലേക്ക് നയിക്കുന്ന ഒരു പഠനശാഖ എന്നർത്ഥമാകുന്നു;

(ഗ) ''കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനം'' എന്നാൽ—

(i) ഒരു കേന്ദ്ര ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ സ്ഥാപിച്ചതോ ഏകാംഗീകൃതമാക്കിയതോ ആയ ഒരു സർവ്വകലാശാല;

(ii) പാർലമെന്റിന്റെ ഒരു ആക്റ്റുപ്രകാരം സ്ഥാപിച്ച ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനം;

(iii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ്, 1956 (1956-ലെ 3)-ലെ 3-ാം വകുപ്പ് പ്രകാരം സർവ്വകലാശാലയായി കരുതണമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും കേന്ദ്ര സർക്കാർ പരിപാലിച്ചുപോരുന്നതോ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതോ ആയ ഒരു സ്ഥാപനം;

(iv) കേന്ദ്ര സർക്കാർ പരിപാലിക്കുന്നതും അല്ലെങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും നേരിട്ടോ അല്ലാതെയോ ധനസഹായം ലഭിക്കുന്നതും (i)-ാം ഉപഖണ്ഡത്തിലോ (ii)-ാം ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഒരു സ്ഥാപനവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അല്ലെങ്കിൽ (iii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സ്ഥാപനത്തിന്റെ ഒരു ഘടക യൂണിറ്റും ആയ ഒരു സ്ഥാപനം;

(v) സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21) പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനം, , എന്നർത്ഥമാകുന്നു;

(ഘ) ''നേരിട്ടുള്ള ആൾചേർക്കൽ'' എന്നാൽ ഒരു കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിപ്പിക്കാൻ യോഗ്യതയുള്ള ആളുകളിൽ നിന്നും പൊതു പരസ്യം മുഖേന അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ഫാക്കൽറ്റിയെ നിയമിക്കുന്ന പ്രക്രിയ എന്നർത്ഥമാകുന്നു;

(ങ) ''സാമ്പത്തികമായി ദുർബ്ബല വിഭാഗങ്ങൾ'' എന്നാൽ ഭരണഘടനയിലെ 15-ാം അനുച്ഛേദം (6)-ാം ഖണ്ഡത്തിന്റെ വിശദീകരണത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം അങ്ങനെയുള്ള ദുർബ്ബല വിഭാഗങ്ങൾ എന്നർത്ഥമാകുന്നു;);

(ച) ''ഫാക്കൽറ്റി'' എന്നാൽ ഒരു കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനത്തിലെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

(ഛ) ''ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനം'' എന്നാൽ ഭരണഘടനയുടെ 30-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ന്യൂനപക്ഷങ്ങൾ സ്ഥാപിക്കുകയും ഭരണം നിർവ്വഹിക്കുകയും, പാർലമെന്റിന്റെ ഒരു ആക്റ്റിനാലോ കേന്ദ്ര സർക്കാരിനാലോ അങ്ങനെ പ്രഖ്യാപിച്ചതോ അല്ലെങ്കിൽ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റ്, 2004 (2005-ലെ 2) പ്രകാരം ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമായി പ്രഖ്യാപിച്ചതോ ആയ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(ജ) ''അനുവദിക്കപ്പെട്ട അംഗബലം'' എന്നാൽ സമുചിത അധികാരസ്ഥാനം അംഗീകരിച്ച, അദ്ധ്യാപക കേഡറിലെ തസ്തികകളുടെ എണ്ണം എന്നർത്ഥമാകുന്നു;

(ഝ) ''പട്ടികജാതികൾ'' എന്നാൽ ഭരണഘടനയിലെ 341-ാം അനുച്ഛേദ പ്രകാരം വിജ്ഞാപനം ചെയ്ത പട്ടികജാതികൾ എന്നർത്ഥമാകുന്നു;);

(ഞ) ''പട്ടികഗോത്രവർഗ്ഗങ്ങൾ'' എന്നാൽ ഭരണഘടനയിലെ 342-ാം അനുച്ഛേദ പ്രകാരം വിജ്ഞാപനം ചെയ്ത പട്ടികഗോത്രവർഗ്ഗങ്ങൾ എന്നർത്ഥമാകുന്നു;

(ട) ''സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗങ്ങൾ'' എന്നാൽ ഭരണഘടനയിലെ 342ക അനുച്ഛേദപ്രകാരം അങ്ങനെ കരുതപ്പെടുന്ന പ്രകാരമുള്ള അങ്ങനെയുള്ള പിന്നാക്ക വിഭാഗങ്ങൾ എന്നർത്ഥമാകുന്നു;

(ഠ) ''അദ്ധ്യാപക കേഡർ'' എന്നാൽ പഠന ശാഖയോ ഫാക്കൽറ്റിയോ പരിഗണിക്കാതെ, ഏതെങ്കിലും ബത്തയോ ബോണസ്സോ ഒഴികെ ഒരേ ശമ്പള ഗ്രേഡിൽ വേതനം നൽകപ്പെടുന്നവരായ ഒരു കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനത്തിലെ എല്ലാ അദ്ധ്യാപകരുടെയും ഒരു വിഭാഗം എന്നർത്ഥമാകുന്നു.

3. <u>കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ആളെചേർക്കലുകളിൽ തസ്തികകളുടെ സംവരണം</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെയായാലും, ഒരു കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനത്തിൽ അദ്ധ്യാപക കേഡറിലെ അനുവദനീയ അംഗബലത്തിൽനിന്ന് നേരിട്ടുള്ള ആളെചേർക്കലിൽ കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന നിർദ്ദേശിക്കാവുന്ന പരിധിവരെയും രീതിയിലും തസ്തികകളുടെ സംവരണം ഉണ്ടായിരിക്കേണ്ടതാണ്.

(2) തസ്തികകളുടെ സംവരണത്തിന്റെ ആവശ്യത്തിലേക്കായി, ഒരു കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനത്തെ ഒരു യൂണിറ്റായി കണക്കാക്കേണ്ടതാണ്.

4. <u>ചില സംഗതികളിൽ ആക്റ്റ് ബാധകമാകുന്നതല്ലെന്ന്</u>.—(1) 3-ാം വകുപ്പിലെ വ്യവസ്ഥകൾ,—

(ക) ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള മികവിന്റെ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, ദേശീയവും തന്ത്രപരവുമായി പ്രാധാന്യമുള്ള സ്ഥാപനങ്ങൾ;

(ഖ) ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനം,

എന്നിവയ്ക്ക് ബാധകമാകുന്നതല്ല.

(2) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക അതത് സമയം ഭേദഗതി ചെയ്യാവുന്നതാണ്.

5. <u>വിജ്ഞാപനങ്ങൾ പാർലമെന്റ് മുമ്പാകെ വയ്ക്കുന്നത്</u>.—ഈ ആക്റ്റ് പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും, അത് പുറപ്പെടുവിച്ച ശേഷം, കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള

രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്, ഇരുസഭകളും ആ വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ വിജ്ഞാപനം പുറപ്പെടുവിക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ വിജ്ഞാപനത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (അദ്ധ്യാപകരുടെ കേഡർ സംവരണം) ഓർഡിനൻസ്, 2019 (2019-ലെ ഓർഡിനൻസ് 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്ത എന്തെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[വകുപ്പ് 4(1) (ക) കാണുക]

| ക്രമ നമ്പർ | മികവിന്റെ സ്ഥാപനം, മുതലായവയുടെ പേര് |
|---|---|
| (1) | (2) |
| 1. | ഹോമി ഭാഭാ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മുംബൈയും അതിന്റെ ഘടകമായ യൂണിറ്റുകളും, അതായത്:— |
| | (i) ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ, ട്രോംബെ; |
| | (ii) ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ച്, കൽപ്പാക്കം; |
| | (iii) രാജാ രാമണ്ണ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി, ഇൻഡോർ; |
| | (iv) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാസ്മ റിസർച്ച്, ഗാന്ധിനഗർ; |
| | (v) വേരിയബിൾ എനർജി സൈക്ലോട്രോൺ സെന്റർ, കൊൽക്കത്ത; |
| | (vi) സാഹ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ ഫിസിക്സ്, കൊൽക്കത്ത; |
| | (vii) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സ്, ഭുവനേശ്വർ; |
| | (viii) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്കൽ സയൻസസ്, ചെന്നൈ; |
| | (ix) ഹരീഷ്-ചന്ദ്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അലഹാബാദ്; |
| | (x) ടാറ്റാ മെമ്മോറിയൽ സെന്റർ, മുംബൈ. |
| 2. | ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, മുംബൈ. |
| 3. | നോർത്ത്-ഈസ്റ്റേൺ ഇന്ദിരാഗാന്ധി റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് മെഡിക്കൽ സയൻസ്, ഷില്ലോംഗ്. |
| 4. | നാഷണൽ ബ്രെയിൻ റിസർച്ച് സെന്റർ, മനേസർ, ഗുർഗാവോൺ. |
| 5. | ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സൈന്റിഫിക് റിസർച്ച്, ബാംഗ്ലൂർ. |
| 6. | ഫിസിക്കൽ റിസർച്ച് ലബോറട്ടറി, അഹമ്മദാബാദ്. |
| 7. | സ്പേയ്സ് ഫിസിക്സ് ലബോറട്ടറി, തിരുവനന്തപുരം. |
| 8. | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിംഗ്, ഡെറാഡൂൺ. |